## പഠനഷീറ്റ് 5

# ക്രിസ്തുവിന്റെ സഭയെ കുറിച്ചു ബൈബിൾ എന്തു പറയുന്നു?

### I. ക്രിസ്തുവിന്റെ സഭയിൽ ആരാണുള്ളത്?

1. ശൗൽ ഉപദ്രവിച്ചത് ————————. പ്രവൃത്തികൾ 8:3
2. ഇതു ———————— ഉപദ്രവമായിരുന്നു. പ്രവൃത്തികൾ 9:1
3. ഇവരെ ———————— എന്നും വിളിച്ചിരുന്നു. പ്രവൃത്തികൾ 11:26
4. സഭയെ ———————— എന്നും വിളിച്ചിരുന്നു. എഫെ. 1:22, 23

### II. എത്ര ശരീരങ്ങൾ?

———— റോമ. 12:4, 5
———— 1 കൊരി. 12:12
———— 1 കൊരി. 12:20
———— എഫെ. 4:4
———— കൊലൊ. 3:15

### III. ആരുടെ സഭ (ശരീരം) ആണ് അത്?

———— മത്താ. 16:18
———— 1 കൊരി. 12:27
———— എഫെ. 1:22, 23
———— എഫെ. 5:30
———— കൊലൊ. 1:24

### IV. ക്രിസ്തു സഭയുടെ എന്താണ്?

———— മത്താ. 16:18
———— 1 കൊരി. 3:11
———— എഫെ. 1:22
———— എഫെ. 5:23

### V. ക്രിസ്തു സഭയ്ക്കുവേണ്ടി എന്തു ചെയ്തു?

———— എന്തിനു? ———— എഫെ. 5:25
———————— പ്രവൃത്തികൾ 20:28

### VI. സഭ ———————— കീഴ്പ്പെട്ടിരിക്കുന്നു. എഫെ. 5:24

### VII. അംഗങ്ങൾക്കിടയിൽ ഏതു തരം ഐക്യതയാണ് ക്രിസ്തു കാണുവാൻ ആഗ്രഹിക്കുന്നത്?

1. ———————— അവരും ————————. യോഹ. 17:22
2. നിങ്ങൾ എല്ലാവരും ———————— തന്നെ സംസാരിക്കയും, നിങ്ങളുടെ ഇടയിൽ ————————. 1 കൊരി. 1:10
3. നിങ്ങൾ ———————— ൽ ————————. ഫിലി. 1:27

### VIII. യേശു സഭയ്ക്കുവേണ്ടി തന്നെത്താൻ കൊടുത്തത് ———— ———— തിനും———— ഒന്നും ഇല്ലാതെ ———— ———— തനിക്കു തന്നെ നിർത്തേണ്ടതിനും എഫെ. 5:26, 27




**പകർപ്പവകാശം 1992 – ഗോസ്പെൽ ലൈറ്റ് പബ്ളിഷിങ് കമ്പനി.,ഡിലൈറ്റ്, ഏആർ 71940.**

പഠനഷീറ്റ് അവതരണം:

5

# “ക്രിസ്തുവിന്റെ സഭയെ കുറിച്ചു ബൈബിൾ എന്തു പറയുന്നു?”

“ക്രിസ്തുവിന്റെ സഭയെ കുറിച്ചു ബൈബിൾ എന്തു പറയുന്നു?” എന്ന പഠനഷീറ്റ് “യേശു ഏകവഴി” എന്നതിനുശേഷമോ അല്ലെങ്കിൽ “രക്ഷ” എന്ന പഠനഷീറ്റിനുശേഷമോ ഉപയോഗിക്കുന്നതായിരിക്കും യുക്തം. ഒരുപക്ഷെ ഇത് “രക്ഷാ” പഠനഷീറ്റിന് ശേഷം അവതരിപ്പിക്കുന്നതായിരിക്കും നല്ലത്. ഇതു വാസ്തവം ആകുവാൻ കാരണം അതെത്തുന്നത് “രക്ഷ” അവസാനിപ്പിക്കുന്ന പഠന ഷീറ്റിലാണ്.

**ഉദ്ദേശം**

“സഭ” എന്ന ഷീറ്റിന്റെ ഉദ്ദേശം രക്ഷിക്കപ്പെട്ടവർ ഏകശരീരമായ, ക്രിസ്തുവിന്റെ സഭയിൽ ആയിരിക്കും, അതു ഒരു മാനുഷ സ്ഥാപനമോ, സംഘടനയോ, അല്ലെങ്കിൽ വിഭാഗമോ *അല്ല*. ക്രിസ്തുവിന്റെ ഏകശരീരത്തിൽ ആയിരിക്കുന്നവർ എല്ലാം ആ ഏകശരീരത്തിന്റെ ഐക്യതക്കായി പ്രവർത്തിക്കണം.

**പാഠം ചുരുക്കത്തിൽ**

ക്രിസ്തുവിനെ പിൻപറ്റുന്നവർ, ക്രിസ്ത്യാനികൾ ആണ്, സഭ ആണ്, അതു ക്രിസ്തുവിന്റെ ശരീരമാണ് എന്ന് ഈ പഠനഷീറ്റ് പഠിപ്പിക്കുന്നു. യേശു പണിത ഏക ശരീരമായ സഭയിലെ, അടിസ്ഥാനമാണ്, രക്ഷകനുമാണ്. താൻ രക്തം കൊടുത്തു വാങ്ങി, തനിക്കു തന്നെ നിർത്തുവാൻ മരിച്ചതു അവനു സഭയോടുള്ള സ്നേഹം നിമിത്തം ആണ്. അവന്റെ സഭയിൽ ഉള്ളവർ എല്ലാവരും ഒന്നായി കാണുവാൻ അവൻ ആഗ്രഹിക്കുന്നു.

**മുഖവുര**

“രക്ഷാ” ഷീറ്റ് ചുരുക്കമായി ആവർത്തിച്ചും രക്ഷിക്കപ്പെട്ടവർ സഭയിൽ ആണെന്നും ചൂണ്ടിക്കാണിച്ചു പരിചയപ്പെടുത്തുകയാണ് ഈ

പാഠം. "രക്ഷാ" ഷീറ്റ് ഒരാൾ രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്നും എങ്ങനെ യേശുവിന്റെ ശരീരത്തിൽ അംഗങ്ങളാകുന്നു എന്നും അവതരിപ്പിക്കുന്നതാണ്. ക്രിസ്തുവിന്റെ സഭയെ കുറിച്ചു ബൈബിൾ എന്തു പഠിപ്പിക്കുന്നു എന്നറിയുവാൻ സഹായിക്കുന്നതാണ് ഈ പാഠം.

**I. സഭയുടെ അംഗങ്ങൾ**

ഈ ഭാഗത്തു നാം പഠിക്കുന്നതു ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങൾ ആരാണ്, അവരെ എന്തു വിളിച്ചിരിക്കുന്നു എന്നാണ്.

1. ക്രിസ്തുവിന്റെ സഭ എന്നു പറയുന്നതു ആരാണ്? [പ്രവൃത്തികൾ 8:3 വായിക്കുക.] ശൗൽ ഉപദ്രവിച്ചതു *ആരെ*യാണ്? [വിട്ട വരിയിൽ "സഭ" എന്നെഴുതുക.] ശൗൽ സഭയെ നശിപ്പിക്കുവാൻ ശ്രമിച്ചപ്പോൾ, അവൻ കെട്ടിടം അല്ല പൊളിച്ചു കളഞ്ഞത്. ക്രിസ്തുവിന്റെ സഭ കെട്ടിടമോ, അല്ലെങ്കിൽ കെട്ടിടങ്ങളോ *അല്ല*, സംഘടനകളുടെ അധികാര ശ്രേണിയോ അല്ല, മറിച്ചു യേശുവിനു വേണ്ടി നിലകൊള്ളുന്ന സ്ത്രീ പുരുഷന്മാരാണ്. [*പുറകിൽ* ഒരു ചതുരം വരച്ചു, അതിന്റെ മുകളിൽ "സഭ" എന്നെഴുതുക. അടിയിൽ "അംഗങ്ങൾ" എന്നെഴുതുക. അതിനു മുകളിൽ "പുരുഷന്മാരും സ്ത്രീകളും" എന്നെഴുതുക. നോക്കുക പേജ് 175.]

2. ശൗൽ സഭയെ ഉപദ്രവിച്ചുകൊണ്ടിരുന്നപ്പോൾ അവൻ ആരെയാണ് ഉപദ്രവിച്ചുകൊണ്ടിരുന്നത്? ശൗലിന്റെ പ്രവൃത്തികൾ പ്രവൃത്തികൾ 8:3 വരെയും പിന്നെ ഫിലിപ്പൊസിന്റെ പ്രവൃത്തികളെയും ലൂക്കൊസ് വിവരിക്കുന്നതു ശ്രദ്ധിക്കുക (പ്രവൃത്തികൾ 8:5). ശൗലിനെ കുറിച്ചു ചർച്ച ചെയ്തു നിർത്തിയ സ്ഥലത്തു നിന്നു ശൗലിന്റെ പ്രവൃത്തികൾ വീണ്ടും പ്രവൃത്തികൾ 9:1-ൽ തുടങ്ങുന്നുണ്ട്. ശൗലിനെ കുറിച്ചു ലൂക്കൊസ് പ്രവൃത്തികൾ 8:3-ൽ, ശൗൽ സഭയെ മുടിച്ചു വന്നു എന്നു പറഞ്ഞുതുടങ്ങി. വീണ്ടും ലൂക്കൊസ് ശൗലിനെ കുറിച്ചു പറയുമ്പോൾ, അവൻ അതു തന്നെ തുടരുന്നതായി പറയുന്നുണ്ട്. ആരെയായിരുന്നു ശൗൽ അപ്പോഴും നശിപ്പിച്ചുകൊണ്ടിരുന്നത്? [പ്രവൃത്തികൾ 9:1 വായിക്കുക.] സഭയിലെ അംഗങ്ങളെ *എന്തു* വിളിച്ചിരുന്നു? [വിട്ട വരിയിൽ "കർത്താവിന്റെ ശിഷ്യന്മാർ" എന്നെഴുതുക. *പുറകിൽ* മുകളിൽ "പുരുഷന്മാരും സ്ത്രീകളും" എന്നും "ശിഷ്യന്മാർ" എന്നും എഴുതുക. നോക്കുക പേജ് 175.]

[ഈ സമയത്തു അദ്ധ്യാപകൻ *ശിഷ്യ*നും *അപ്പൊസ്തല*നും തമ്മിലുള്ള വ്യത്യാസം വിശദമാക്കുക. അതിന്റെ കാരണം നിരവധി ആളുകൾ വിചാരിക്കുന്നതു ശിഷ്യന്മാർ എന്നു പറയുന്നതു പന്ത്രണ്ടു പേരാണ് എന്നാണ്. യേശുവിനെ അനുഗമിച്ച ഒരു കൂട്ടം ശിഷ്യന്മാരായ ആളുകളിൽ നിന്നാണ് കർത്താവു *പന്ത്രണ്ടു അപ്പൊസ്തലന്മാരെ* തിരഞ്ഞെടുത്തത് എന്നു ലൂക്കൊ. 6:12-14 ൽ വിവരിക്കുന്നുണ്ട്. അപ്പൊസ്തലന്മാർ ചെറിയ ഗ്രൂപ്പാണ്, പന്ത്രണ്ടുപേർ, അവരെ അവൻ തന്റെ പ്രത്യേക പ്രതിനിധികളായി തിരഞ്ഞെടുത്തവരാണ്, *ശിഷ്യന്മാർ എല്ലാവരും* അവന്റെ അനുയായികൾ ആയിരുന്നു.]

3. സഭയിലെ അംഗങ്ങൾ കർത്താവിന്റെ *ശിഷ്യന്മാരാ*യിരുന്നു, എന്നാൽ ശിഷ്യന്മാരെ എന്താണ് വിളിച്ചിരുന്നത്? [പ്രവൃത്തികൾ 11:26

വായിക്കുക.] ശിഷ്യന്മാരെ, സഭയിലെ അംഗങ്ങളെ *എന്തു* പേരിൽ കൂടെ അറിയപ്പെട്ടിരുന്നു? [വിട്ട വരിയിൽ "ക്രിസ്ത്യാനികൾ" എന്നെഴുതുക. *പുറകിൽ* "ശിഷ്യന്മാർ" എന്നതിനു മുകളിൽ "ക്രിസ്ത്യാനികൾ" എന്നു എഴുതുക. നോക്കുക പേജ് 175.]

4. "ശിഷ്യന്മാർ" എന്നും "ക്രിസ്ത്യാനികൾ" എന്നും സൂചിപ്പിച്ചിരുന്നത് വ്യക്തികളായിരുന്ന സഭയിലെ അംഗങ്ങളെയാണ്. ഈ അംഗങ്ങളെ, ഒരു കൂട്ടമായി, അതായതു., മുഴുവനായും, സഭ എന്നാണ് വിളിക്കപ്പെട്ടത്. ഈ കൂട്ടം ആളുകളെ മറ്റൊരു പേരിലും അറിയപ്പെട്ടിരുന്നു [എഫെ. 1:22, 23 വായിക്കുക.] സഭയെ *മറ്റെന്തു* പേരിൽ അറിയപ്പെട്ടു? [വിട്ട വരിയിൽ "ശരീരം" എന്നെഴുതുക. *പുറകിൽ* "സഭ" എന്നതിന്റെ അടിയിലുള്ള ചതുരത്തിൽ "ശരീരം" എന്ന് എഴുതുക. നോക്കുക പേജ് 175.] സഭ ശരീരവും, ശരീരം സഭയും ആണെങ്കിൽ, ശരീരത്തെ സംബന്ധിച്ചു സത്യമായതു സഭയെ സംബന്ധിച്ചും സത്യമായിരിക്കും, ശരീരത്തെക്കുറിച്ചു പറയുന്നതു സഭയെ കുറിച്ചും പറയാം.

ഈ ഭാഗത്തു നാം പഠിച്ചതെന്താണ്? "സഭ" എന്നതും "ശരീരം" എന്നതും ക്രിസ്തുവിനെ അനുഗമിക്കുന്ന ഒരു കൂട്ടത്തെ വിളിക്കുന്നതാണെന്നു നാം പഠിച്ചു. വ്യക്തികളായ അംഗങ്ങളെയാണ് "ശിഷ്യന്മാർ" എന്നും "ക്രിസ്ത്യാനികൾ" എന്നും വിളിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ ശരീരം ആയിത്തീരുന്നത് (സഭ) ആണ് ക്രിസ്ത്യാനികൾ.

**II. എത്ര?**

ക്രിസ്ത്യാനികൾ വിവിധ സംഘടനകളായ കൂട്ടങ്ങൾ ആകണമെന്നു ബൈബിൾ പഠിപ്പിക്കുന്നുണ്ടോ? ക്രിസ്തീയ അംഗങ്ങൾ എത്ര കൂട്ടങ്ങളാണ്? [റോമ. 12:4, 5 വായിക്കുക.] ക്രിസ്ത്യാനികൾ *എത്ര* ശരീരങ്ങളിലെ അംഗങ്ങളാണ്? [വിട്ട വരിയിൽ "ഒന്ന്" എന്നെഴുതുക.] ക്രിസ്തുവിൽ "ഏക" ശരീരം ആണുള്ളത് എന്ന് ബൈബിൾ പറയുന്നത് ശ്രദ്ധിക്കുക. "രക്ഷാ" ഷീറ്റിൽ നാം പഠിച്ചതു "സകല ആത്മികാനുഗ്രഹങ്ങളും" ക്രിസ്തുവിലാണുള്ളത് എന്നാണ്. ഇതു വാസ്തവമാകയാൽ, ക്രിസ്തുവിൽ ആ *ഏകശരീര*ത്തിലാണ് സകല ആത്മികാനുഗ്രഹങ്ങളും ഉള്ളത്. *ശരീരത്തെ* സംബന്ധിച്ചു വാസ്തവമായതു *സഭയെ* സംബന്ധിച്ചും വാസ്തവമാണ്. അതുകൊണ്ടു, തുടർന്നു ആ *ഏക*സഭയിലാണ് ക്രിസ്തുവിലുള്ള സകല ആത്മികാനുഗ്രഹങ്ങളും.

ശരീരത്തെ കുറിച്ചു ബൈബിളിൽ അനേകം പ്രാവശ്യം പറഞ്ഞിട്ടുണ്ട്. ശരീരത്തിന്റെ എണ്ണത്തെ സംബന്ധിച്ചു ബൈബിളിൽ എല്ലായ്പ്പോഴും ഒന്നുതന്നെയാണോ പറയുന്നത്? [1 കൊരി. 12:12, 20; എഫെ. 4:4; കൊലൊ. 3:15 വായിക്കുക.] അവിടെ *എത്ര* ശരീരങ്ങൾ ഉണ്ട്? [വിട്ട വരിയിൽ "ഒന്ന്" എന്നെഴുതുക.] ഈ കാര്യത്തിലും ബൈബിളിൽ എല്ലായിടത്തും ഒന്നുതന്നെയായിട്ടാണോ പറയുന്നത്? അതു ഊന്നി പറയുന്നതു ശരീരം ഒന്നു മാത്രമെ ഉള്ളൂ എന്നല്ലേ? [*പുറകിൽ* ഒരു ചതുരത്തിൽ "ഒന്ന്" എന്നെഴുതുക. നോക്കുക പേജ് 175.]

ഈ പാഠത്തിൽ നാം പഠിച്ചതെന്താണ്? ബൈബിളിൽ പറഞ്ഞിരിക്കുന്നത്, സത്യ ശരീരം *ഒന്നു*മാത്രം, സത്യ സഭയും ഒന്നുമാത്രം എന്നാണ്

നാം പഠിച്ചത്.

**III. ആരുടെ സഭ?**

ഈ ഭാഗത്തു നാം നോക്കുവാൻ പോകുന്നത് ഈ ക്രിസ്ത്യാനികളാകുന്ന ശരീരം, സഭ ആർക്കുള്ളതാണ് എന്നാണ്.

താൻ തന്റെ സഭ പണിയും എന്നു യേശു വാഗ്ദാനം ചെയ്തു. ആരുടെ സഭ പണിയും എന്നാണ് അവൻ പറഞ്ഞത്? [മത്താ. 16:18 വായിക്കുക.] *ആരുടെ* സഭ പണിയും എന്നാണ് യേശു പറഞ്ഞത്? [വിട്ട വരിയിൽ “എന്റെ,” എന്നെഴുതിയശേഷം ബ്രാക്കറ്റിൽ “ക്രിസ്തുവിന്റെ” എന്നെഴുതുക.]

ഈ ശരീരത്തെ, സഭയെ, പൗലൊസ് പരാമർശിക്കുന്നുണ്ട്. പൗലൊസ് എങ്ങനെയാണ് പരാമർശിച്ചത്? [1 കൊരി. 12:27 വായിക്കുക.] *ആരുടെ* ശരീരം എന്നാണ് പൗലൊസ് പറഞ്ഞത്? [വിട്ട വരിയിൽ “ക്രിസ്തുവിന്റെ” എന്നെഴുതുക.]

അർത്ഥം ഒന്നു തന്നെ, പിന്നെന്താണ് പൗലൊസ് ശരീരത്തെ കുറിച്ചു പറഞ്ഞത്. അവൻ പറയുന്നതു ശരീരം ആരുടേതാണെന്നാണ്? [എഫെ. 1:22, 23; 5:30; കൊലൊ. 1:24 വായിക്കുക.] *ആരുടെ* ശരീരത്തെയാണ് പൗലൊസ് ഏകശരീരം എന്നു വിളിച്ചത്? [വിട്ട വരിയിൽ “അവന്റെ” എന്നും തുടർന്നു “ക്രിസ്തുവിന്റെ” എന്നും ബ്രാക്കറ്റിലും എഴുതുക. *പുറകിൽ* “ക്രിസ്തുവിന്റെ” എന്ന് “സഭ” എന്നും “ശരീരം” എന്നുമെഴുതിയശേഷം എഴുതുക. നോക്കുക പേജ് 175.]

ഈ ഭാഗത്തു നാം എന്താണ് പഠിച്ചത്? യേശുവിനു ഏകശരീരം, അഥവാ സഭ മാത്രം ആണുള്ളത് എന്നു നാം പഠിച്ചു. ആ ശരീരം എല്ലാ ക്രിസ്ത്യാനികളെ കൊണ്ടുള്ളതുമാണ്.

[ഈ സമയത്ത് അദ്ധ്യാപകൻ പഠനഷീറ്റിന്റെ പുറകുവശം മറിച്ചു ഒരാൾ എങ്ങനെ ശരീരം ആകുന്ന സഭയിൽ പ്രവേശിക്കുന്നു എന്നു ചോദിക്കുക. *പുറകിൽ* “ലോകം” എന്ന വാക്കിൽ നിന്നു “സഭ” എന്നതിലേക്കു ഒരു ആരോ വരയ്ക്കുക. നോക്കുക പേജ് 175.] ഒരാൾ എങ്ങനെ സഭയിൽ പ്രവേശിക്കുന്നു? “രക്ഷാ” ഷീറ്റിൽ നിന്നു ഒരാൾ ക്രിസ്തുവിനോടു ചേരുവാൻ എന്തു ചെയ്യണം എന്നാണ് നാം പഠിച്ചത്? നാം കേൾക്കുകയും, പഠിക്കുകയും, അവനിൽ വിശ്വസിക്കുകയും പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുകയും, അവനിലുള്ള വിശ്വാസം ഏറ്റു പറയുകയും വേണം എന്നു യേശു പഠിപ്പിച്ചു. ഇവയെല്ലാം നാം ചെയ്തു, ബൈബിളിൽ പറയുന്ന ഏക സ്നാനവും ഏറ്റാൽ നാം യേശുവിനോടു ചേർക്കപ്പെടും (ഗലാ. 3:27). യേശുവിനു ഒരു ശരീരമേയുള്ളൂ. അതുകൊണ്ടു, നാം യേശുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുമ്പോൾ, നാം യേശുവിന്റെ ഏക ശരീരത്തോടു ചേർക്കപ്പെടുന്നു എന്നു വ്യക്തം. നാം, എങ്ങനെയായാലും, ഏക ശരീരത്തിൽ പ്രവേശിക്കുന്നതിനു കുറഞ്ഞ കാരണങ്ങൾ കണ്ടെത്തേണ്ട ആവശ്യമില്ല. നാം എപ്പോൾ ആ ഏക ശരീരത്തിൽ ചേർക്കപ്പെടുന്നു എന്നു ബൈബിൾ പറയുന്നു. (1 കൊരി. 12:13 വായിക്കുക.] എപ്പോഴാണ് നാം ഏക ശരീരത്തിലാകുന്നത്? (*പുറകിൽ* ആരോയിൽ നമ്മെ യേശുവിന്റെ ശരീരത്തിലാക്കുന്ന കാര്യ

ങ്ങൾ എഴുതുക. നോക്കുക പേജ് 175.]

നാം ആ ഏകശരീരത്തിലാണെങ്കിൽ നമ്മെ എന്തു വിളിക്കും? ഒരു കൂട്ടമായി നമ്മെ *ശരീരം,* അതായതു., ക്രിസ്തുവിന്റെ *സഭ* എന്നു വിളിക്കുന്നു. വ്യക്തികളായി നാം കർത്താവിന്റെ *ശിഷ്യന്മാർ,* അതായതു., *ക്രിസ്ത്യാനികൾ* എന്നറിയപ്പെടുന്നു.

## IV. ക്രിസ്തുവും സഭയും

യേശുവിനു സഭയോടു ഒരു പ്രത്യേക ബന്ധമാണുള്ളത്.

സഭ എല്ലായ്പ്പോഴും ഭൂമിയിൽ ഉണ്ടായിരുന്നില്ല, അതുകൊണ്ടു അതിനു ഒരു ആരംഭം വേണം, അതു തുടങ്ങി വെച്ച ആളും കാണും. എപ്പോൾ സഭ പണിയും എന്നാണ് യേശു പറഞ്ഞത്? [മത്താ. 16:18 വായിക്കുക.] ഒരാൾ എന്തെങ്കിലും നിർമ്മിക്കുന്നു എങ്കിൽ, അയാൾ എന്താണ്? അവൻ നിർമ്മാതാവു അല്ലേ? യേശു സഭയുടെ *എന്താണ്*? [വിട്ട വരിയിൽ "നിർമ്മാതാവ്" എന്നെഴുതുക. *പുറകിൽ* ചതുരത്തിന്റെ ഇടതു വശത്ത് "നിർമ്മാതാവ്," എന്നും അതിനടിയിൽ "യേശു" എന്നും എഴുതുക. നോക്കുക പേജ് 175.]

യേശു സഭയുടെ നിർമ്മാതാവു മാത്രമല്ല, അവൻ സഭയുടെ മറ്റൊന്നു കൂടെയാണ്. എന്തിന്മേലാണ് സഭ പണിതത്? [1 കൊരി. 3:11 വായിക്കുക.] സഭയുടെ പിന്നെ *എന്തെല്ലാമാണ്* യേശു? [വിട്ട വരിയിൽ "അടിസ്ഥാനം" എന്നെഴുതുക.] യേശു തന്നിൽ സഭ പണിതു എങ്കിൽ, നമുക്കു അതു യേശുവല്ലാത്ത മറ്റാരിലെങ്കിലും പണിയാമോ? [*പുറകിൽ* ചതുരത്തിന്റെ അടിയിൽ "അടിസ്ഥാനം," എന്നും അതിനടിയിൽ "യേശു" എന്നും എഴുതുക. നോക്കുക പേജ് 175.]

യേശു സഭയുടെ മറ്റൊന്നു കൂടെയാണ്. അവൻ സഭയുടെ മറ്റെന്തു കൂടെയാണ്? [എഫെ. 1:22 വായിക്കുക.] യേശു സഭയുടെ *എന്താണ്*? [വിട്ട വരിയിൽ "തല" എന്നെഴുതുക.] ഏതു സംഘടനയുടേതായാലും ശരീരത്തോടുള്ള *തല*യുടെ പ്രവർത്തനം എന്താണ്? തലയല്ലേ സംഘടനയെ നിയന്ത്രിച്ചു നയിക്കുന്നത്? സഭയുടെ തലയായി മനുഷ്യനോ മനുഷ്യരോ ഇല്ല. ബൈബിളിൽ പറഞ്ഞിരിക്കുന്നതു യേശു മാത്രമാണ്, സഭയുടെ ഏക തല എന്നാണ്. [പുറകിൽ ചതുരത്തിന്റെ മുകളിൽ "തല" എന്നെഴുതി, അതിനടിയിൽ "യേശു" എന്നെഴുതുക. നോക്കുക പേജ് 175.]

യേശു സഭയുടെ മറ്റൊന്നു കൂടെയാണ്. യേശു സഭയുടെ പിന്നെ എന്താണ്? [എഫെ. 5:23 വായിക്കുക.] യേശു സഭയുടെ *എന്താണ്*? [വിട്ട വരിയിൽ "രക്ഷകൻ" എന്നെഴുതുക.] യേശുവിന്റെ സഭയിലുള്ളവർ, അവൻ, തന്നിൽ പണിതതും, താൻ തലയായിരിക്കുന്നതും, അവൻ അവരുടെ രക്ഷിതാവുമായിരിക്കുന്നു. [*പുറകിൽ* ചതുരത്തിൽ നിന്നു സ്വർഗ്ഗത്തിലേക്കു ഒരു ആരോ വരയ്ക്കുക, ആരോയിൽ ഒരു കുരിശും വരയ്ക്കുക. ക്രൂശിനടിയിൽ "രക്ഷകൻ," എന്നും അതിനടിയിൽ "യേശു" എന്നും എഴുതുക. നോക്കുക പേജ് 175.]

ഈ ഭാഗത്ത് നാം പഠിച്ചതെന്താണ്? യേശുവാണ് നിർമ്മാതാവും, അടിസ്ഥാനവും, തലയും, സഭയുടെ രക്ഷകനും എന്നും നാം പഠിച്ചു.

ഇതിൽ യേശുവിനെ സഭയുമായി ബന്ധപ്പെടുത്തി പറഞ്ഞിരിക്കുന്നത്, മനുഷ്യർ അവനെ സഭയുമായുള്ള ബന്ധത്തിൽ ബഹുമാനിക്കയും, സഭ യോടുള്ള അവന്റെ ബന്ധത്തെ എടുത്തുകളയാതിരിക്കയും ചെയ്യണം. മനുഷ്യർ വേറെ അടിസ്ഥാനങ്ങളിന്മേൽ, മറ്റു സഭകൾ പണിയുകയോ, മറ്റു തലകളെ അനുസരിക്കുകയോ, മറ്റു രക്ഷകരെ അന്വേഷിക്കയോ ചെയ്യരുത്. സഭയ്ക്ക് ആവശ്യം യേശു മാത്രമാണ് (കൊലൊ. 2:10).

### V. സഭയ്ക്കുവേണ്ടി യേശുവിന്റെ മരണം

യേശുവാണ് നിർമ്മാതാവും, അടിസ്ഥാനവും, തലയും, സഭയുടെ രക്ഷകനും, അവൻ സഭയ്ക്കുവേണ്ടി ചെയ്തത് എന്ത്, എന്തുകൊണ്ട്? [എഫെ. 5:25 വായിക്കുക.] യേശു സഭയ്ക്കുവേണ്ടി *എന്തു* ചെയ്തു, *എന്തുകൊണ്ട്?* [വിട്ട വരിയിൽ "സ്നേഹിച്ചു" എന്നും "തന്നെത്താൻ അതിനുവേണ്ടി കൊടുത്തു" എന്നുമെഴുതുക.] അതു മറ്റൊരു വിധത്തിൽ പ്രകടമാക്കി. [പ്രവൃത്തികൾ 20:28 വായിക്കുക.] *എന്തു*കൊണ്ടാണ് യേശു സഭയെ വിലെക്കു വാങ്ങിയതു? [വിട്ട വരിയിൽ "തന്റെ സ്വന്ത രക്തം കൊടുത്തു വിലെയ്ക്കു വാങ്ങി" എന്നെഴുതുക.]

[ഈ സമയത്തു അദ്ധ്യാപകൻ *പുറകിൽ* പ്രവൃത്തികൾ 20:28 ഉം താഴെയുള്ള ചോദ്യങ്ങളും എഴുതുക:

1. ആരാണ് സഭയെ വിലെക്കു വാങ്ങിയത്?
2. സഭ ആർക്കുള്ളതാണ്?
3. എന്തുകൊണ്ട് സഭ അവനുള്ളതാകുന്നു?
4. അവൻ അതിന് എന്ത് വിലയാണ് കൊടുത്തത്?
5. നാം സഭയെ എന്തു വിളിക്കും?
6. സഭയ്ക്കു കണക്കാക്കിയ വില എന്താണ്?
7. യേശു സഭയ്ക്കു എന്തു കൊടുക്കുവാൻ തയ്യാറായി?
8. യേശുവിനു സഭ വിലയുള്ളതാണോ?
9. യേശുവിന്റെ രക്തത്തിന്റെ ഗുണം ഒരാൾക്ക് എവിടെ ലഭിക്കും?
10. യേശു സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുന്നത് ആരെ?

ചോദ്യങ്ങൾ എല്ലാം എഴുതിയശേഷം, അദ്ധ്യാപകൻ പ്രവൃത്തികൾ 20:28-ൽ നിന്നു വിദ്യാർത്ഥിക്കു വ്യക്തമാക്കി കൊടുക്കണം. ഉത്തരങ്ങൾ താഴെ കൊടുത്തിരിക്കുന്ന വിധത്തിൽ സ്പഷ്ടമാണ്: 1. യേശു; 2. യേശു; 3. അവൻ അതിനെ വാങ്ങി; 4. അവന്റെ രക്തം; 5. അവന്റെ (ക്രിസ്തു വിന്റെ) സഭ; 6. യേശുവിന്റെ രക്തം; 7. അവന്റെ രക്തം; 8. അതെ; 9. അവന്റെ സഭയിൽ; 10. സഭ.

ചോദ്യം 10 ചിത്രീകരിക്കുവാൻ, അദ്ധ്യാപകനു ഒരാൾ കടയിൽ പോയി പലചരക്കു വാങ്ങി കടയിലെ ഒരു മുറിയിൽ വെച്ചിട്ടു മറ്റു ചില കാര്യങ്ങൾക്കായി പോയി. അയാൾ തിരിച്ചു വന്നപ്പോൾ, ആ മുറിയിൽ തന്റെ കവറിനൊപ്പം നിരവധി കവറുകൾ ഉണ്ടായിരുന്നു. അയാൾ ഏതു കവർ എടുത്തു വീട്ടിലേക്കു പോകും? അയാൾ താൻ വാങ്ങിയ സാധ നങ്ങൾ ഉള്ള കവർ എടുത്തുകൊണ്ടുപോകും. അയാൾ വേറെ ഏതെ ങ്കിലും കവർ എടുത്താൽ, അയാൾ തന്റേതല്ലാത്തതായിരിക്കും എടു ക്കുന്നത്. അതുപോലെ, താൻ വിലെക്കു വാങ്ങിയവരെ മാത്രമെ യേശു

സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകൂ. താൻ വിലയ്ക്കു വാങ്ങിയി*ട്ടില്ലാത്തവരെ* സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയാൽ, അവൻ ക്രൂശിൽ രക്തം ചിന്തേണ്ട ആവശ്യകത ഇല്ലാതാകുന്നു; തന്റെ രക്തം കൊടുത്തു വാങ്ങിയി*ട്ടില്ലാത്തവരെ* അവൻ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയാൽ, പിന്നെ സ്വർഗ്ഗത്തിലേക്കു പ്രവേശിക്കുവാൻ രക്തം ആവശ്യമില്ലാതാകുന്നു. യേശുവിന്റെ രക്തം കൊടുത്തു വിലെക്കു വാങ്ങിയതാണ് സഭ; അതുകൊണ്ട്, അവന്റെ സഭയെയാണ് അവൻ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുന്നത്. നിങ്ങൾ അവന്റെ സഭയിൽ ആണോ?]

ഈ ഭാഗത്തു നാം എന്താണ് പഠിച്ചത്? നാം പഠിച്ചത്, തന്റെ സ്നേഹത്താൽ യേശു സഭയ്ക്കുവേണ്ടി തന്റെ രക്തം ചിന്തി. നമുക്കു യേശുവിന്റെ രക്തത്തിന്റെ ഗുണം ലഭിക്കണമെങ്കിൽ നാം അവന്റെ സഭയിൽ ആകണം.

## VI. കീഴ്പ്പെടുന്ന സഭ

യേശു പണിത സഭ ആരെയാണ് അനുസരിക്കുന്നത്? അവന്റെ സഭ മത നേതാക്കൾക്കും, അവരുടെ ചട്ടങ്ങൾക്കും, മാനുഷ പാരമ്പര്യങ്ങൾക്കുമാണോ കീഴ്പ്പെട്ടിരിക്കുന്നത്? [എഫെ. 5:24 വായിക്കുക.] *ആർക്കാണ്* സഭ കീഴടങ്ങേണ്ടത്? [വിട്ട വരിയിൽ "ക്രിസ്തു" എന്നെഴുതുക.]

യേശു സഭയുടെ തലയാണെങ്കിൽ, സഭ ക്രിസ്തുവിനു കീഴ്പ്പെട്ടിരിക്കയും ചെയ്യേണ്ടപ്പോൾ, സഭകൾക്കു അവരുടേതായ നിയമാവലികളും കല്പനകളും പുറപ്പെടുവിക്കാമോ? ക്രിസ്തുവിന്റെ സഭയിലുള്ളവർ എല്ലാ കാര്യത്തിലും ക്രിസ്തുവിനെ അനുസരിക്കണം. അവനെ കേൾക്കാത്തവരെ ജനത്തിനിടയിൽ നിന്നു ഛേദിക്കപ്പെടും (പ്രവൃത്തികൾ 3:23).

ഈ ഭാഗത്തു നാം എന്താണ് പഠിച്ചത്? ക്രിസ്തുവിന്റെ ശരീരമായ സഭ, ക്രിസ്തുവിന്റെ ഇഷ്ടം ചെയ്യും എന്നാണ് നാം പഠിച്ചത്.

## VII. ഐക്യം

1. യേശുവിനു ഏക ശരീരമായ ആളുകൾ, സഭയിലാണുള്ളത് എന്നു നാം പഠിച്ചു. ഈ ഏക ശരീരത്തിലെ ആളുകൾക്കു തമ്മിൽ തമ്മിൽ എന്തു ബന്ധം ഉണ്ടാകണമെന്നാണ് യേശു ആഗ്രഹിക്കുന്നത്? അവർ പരസ്പരം വിഘടിച്ചു കഴിയണമെന്നോ, അതോ യോജിച്ചു കഴിയണമെന്നാണോ അവൻ ആഗ്രഹിക്കുന്നത്? [യോഹന്നാൻ 17:22 വായിക്കുക.] യേശുവും പിതാവും ഐകമത്യത്തിലാണ് അന്യോന്യം പ്രവർത്തിച്ചിരുന്നത്. ഒരു മാതൃകയായി അവന്റെ അനുയായികൾ പിൻപറ്റുവാൻ യേശു ആഗ്രഹിക്കു*ന്നുണ്ടോ*? [വിട്ട വരിയിൽ "ഒന്ന്" എന്ന് എഴുതുക.] താനും പിതാവും *ഒന്ന്* ആയിരിക്കുന്നതുപോലെ തന്റെ അനുയായികളും *ഒന്ന്* ആയി കാണുവാൻ യേശു ആഗ്രഹിക്കുന്നു.

2. യേശു ആഗ്രഹിച്ചതുപോലെ ജീവിക്കുവാൻ പൗലൊസ് കൊരിന്ത്യ സഭയെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. അവർക്കുള്ളിൽ ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നു. പൗലൊസ് എന്തു ചെയ്യുവാനാണ് അവരോടു പറഞ്ഞത്? [1 കൊരി. 1:10 വായിക്കുക.] അവർ *എന്തു* ചെയ്യേണ്ടിയിരുന്നു?

[വിട്ട വരിയിൽ “ഒന്നുതന്നെ” എന്നും “ഭിന്നതകൾ” എന്നും എഴുതുക. ചില ബൈബിൾ വെർഷനുകളിൽ വാക്കുകളുടെ ചില വ്യത്യാസ മനുസരിച്ചു അദ്ധ്യാപകൻ പഠനഷീറ്റിലെ വാക്കുകളും മാറ്റം വരുത്തണം.] അവർക്കിടയിലെ ഭിന്നത സ്വീകാര്യമായിരുന്നില്ല, അതു കൊണ്ടു തിരുത്തേണ്ടിയിരുന്നു.

3. ഫിലിപ്പിയയിലെ സഹോദരന്മാർക്കു പൗലൊസ് കൊടുത്ത നിർദ്ദേശങ്ങൾ എന്തെല്ലാമാണ്? [ഫിലി. 1:27 വായിക്കുക.] വിശ്വാസത്തിനു വേണ്ടി പ്രയത്നിച്ചവരിൽ നിന്നു *എന്തു* മനോഭാവമാണ് അവൻ പ്രതീക്ഷിച്ചത്? [വിട്ട വരിയിൽ “ഒന്നു” എന്നും “യോജിച്ചു” എന്നും എഴുതുക.] എത്ര വിശ്വാസങ്ങൾ ഉണ്ട്? വിശ്വാസം *ഒന്നു*മാത്രം (എഫെ. 4:5).

ഈ ഭാഗത്തു നാം എന്തു പഠിച്ചു? യേശുവിന്റെ അനുയായികൾ ആയ, അവന്റെ സഭ, യോജിച്ചിരിക്കണം എന്നു നാം പഠിച്ചു. അവർ യോജിച്ചു, ഏക മനസ്സോടെ, ഭിന്നത ഭാവിക്കാതെ, അന്യോന്യം സ്പർദ്ധ കൂടാതെ പ്രയത്നിക്കണം.

യേശു ഒരു സഭ മാത്രം പണിയുകയും, അവൻ അതിന്റെ തലയായിരിക്കയും, അവന്റെ ശരീരമാകുന്ന വിശ്വാസ സമൂഹം ഒന്നായി കാണുവാൻ ആഗ്രഹിക്കുന്നു, പിന്നെ എന്തുകൊണ്ടാണിത്രയും സഭകൾ? പലരും ചോദിക്കാറുള്ള ചോദ്യമാണിത്. ഉത്തരം അത്ര നിസ്സാരമല്ല, എന്നാൽ അതു സംഭവിക്കും എന്നു ബൈബിളിൽ സൂചന നല്കിയിട്ടുണ്ട്.

അപ്പൊസ്തലനായ പൗലൊസ് എഫെസാസിലെ മൂപ്പന്മാരോടു പറഞ്ഞതു ശ്രദ്ധിക്കുക. [പ്രവൃത്തികൾ 20:17, 28–31 വായിക്കുക.] സഭയ്ക്കു എന്തു സംഭവിക്കുവാൻ പോകുന്നു എന്നാണ് പറഞ്ഞത്? ആളുകൾ വിപരീതോപദേശം സംസാരിച്ചു തങ്ങളുടെതായ അനുയായികളെ ഉണ്ടാക്കും എന്നല്ലേ? [*പുറകിൽ* ചതുരത്തിൽ നിന്നു ഒരു ആരോ വരച്ചു ലോകത്തിലേക്കു കാണിക്കുന്ന ഒരു ചെറിയ ചതുരം വരയ്ക്കുക. ആരോയിൽ “ശിഷ്യന്മാർ” എന്നും പുതിയ ചതുരത്തിനു*മുകളിൽ*, അതിനൊരു *വശത്തായി, അടിയിൽ, അതിൽ* “പുരുഷന്മാർ” എന്നും എഴുതുക. നോക്കുക പേജ് 175.]

മനുഷ്യർ തുടങ്ങിയ സഭകൾക്ക് *മാനുഷ* തലയും, പണിതിരിക്കുന്നതു *മാനുഷ* ഉപദേശങ്ങളിന്മേലുമാണ്. ഇവയെല്ലാം യേശു പണിത, അവൻ തലയായിരിക്കുന്ന, അടിസ്ഥാനവും, രക്ഷിതാവുമായിരിക്കുന്ന യഥാർത്ഥ സഭയോടു മത്സരിക്കുകയാണ്.

തന്റെ സഭയ്ക്കുവേണ്ടി യേശു മരിക്കുകയും അവൻ തന്റെ സഭയുടെ രക്ഷിതാവായി തീരുകയും ചെയ്തു. മനുഷ്യർ തുടങ്ങിയ സഭകൾക്കുവേണ്ടി ആരാണ് മരിച്ചത്, ആരാണ് ആ സഭകളുടെ രക്ഷിതാവു? മനുഷ്യരുടെ സഭകൾക്ക് തെറ്റായ നിർമ്മാതാവും, അടിസ്ഥാനവും, തലയുമാണുള്ളത്. ഇതിൽ അവർ യേശു പണിത സഭയിൽ നിന്നു വ്യത്യസ്തമാണ്. ക്രിസ്തുവിന്റെ സഭയ്ക്കു ഒരു രക്ഷിതാവുള്ളതുപോലെ അവരുടെ സഭകൾക്കു ഒരു രക്ഷിതാവുണ്ടാകാൻ സാധ്യതയുണ്ടോ?

ലോകത്തെയും മനുഷ്യരാൽ ആരംഭിച്ച സഭകളെയും വിട്ട് എല്ലാ ആളുകളും ക്രിസ്തുവിൽ ഒന്നായി, യേശു പണിത സഭയിൽ ആകണം.

ഇതാണ് ഏക സുരക്ഷിത സ്ഥാനം. മനുഷ്യർക്കു അവരുടെ സഭകളെ രക്ഷിപ്പാൻ സാധ്യമല്ല, എന്നാൽ യേശുവിനു താൻ പണിത സഭയെ രക്ഷിപ്പാൻ കഴിയും. നിങ്ങൾ ക്രിസ്തുവിന്റെ സഭയിലെ അംഗമാണോ? അല്ലെങ്കിൽ എന്തുകൊണ്ട് ഇപ്പോൾ അവന്റെ രക്ഷയുള്ള ഏക സഭയിൽ ആയിക്കൂടാ?

**VIII. സഭയുടെ ലക്ഷ്യസ്ഥാനം**

സഭയ്ക്കുവേണ്ടി മരിപ്പാൻ യേശുവിനെ പ്രേരിപ്പിച്ചതു തന്റെ സഭയോടുള്ള സ്നേഹം നിമിത്തമാണ് (എഫെ. 5:25). എന്നാൽ യേശു തന്നെത്താൻ അങ്ങനെ കൊടുത്തത് എന്തിനായിരിക്കും. രണ്ടു കാരണങ്ങൾ അപ്പൊസ്തലനായ പൗലൊസ് നല്കിയിരിക്കുന്നു. [എഫെ. 5:26, 27 വായിക്കുക.] ഇതിൽ ആദ്യത്തെ കാരണം എഫെ. 5:26-ൽ ഉണ്ട്. യേശു തന്നെത്താൻ ഏല്പിച്ചു കൊടുത്തതുകൊണ്ടു സഭയ്ക്കുവേണ്ടി *എന്തു* ചെയ്യുവാൻ കഴിഞ്ഞു? [വിട്ട വരികളിൽ "വിശുദ്ധീകരിച്ചു," "നിർമ്മലമാക്കി," "അവതരിപ്പിക്കുക" എന്നെഴുതുക.]

"വിശുദ്ധീകരണം" എന്ന വാക്ക് ഇന്നു അധികവും ഉപയോഗിക്കുന്നില്ല. അതിന്റെ അർത്ഥം എന്താണ്? ഒരു പ്രത്യേക ഉദ്ദേശത്തിനായി വേർതിരിക്കുക എന്നർത്ഥം. ഒരു ചെറിയ തുണിക്കഷണം പല ഉദ്ദേശങ്ങൾക്ക് ഉപയോഗിക്കാം: ഒരാൾ അതെടുത്തു തറ തുടച്ചേക്കാം, മൂക്ക് അതിൽ ചീറ്റിയേക്കാം, അതുകൊണ്ടു പാത്രം തുടച്ചേക്കാം, എന്നു തുടങ്ങി പലതും ചെയ്തേക്കാം. ആ തുണിയിൽ ഒരു രാജ്യത്തിന്റെ കൊടിയടയാളം പിടിപ്പിച്ചാൽ അതു സാധാരണ കൊടിയുടെ ഉദ്ദേശത്തിനു *മാത്രം* ഉപയോഗിക്കും. യേശു മരിച്ചതു തന്റെ സഭയെ "വിശുദ്ധീകരിക്കുന്നതി" നാണ്, അതായതു., ദുഷ്ട ലോകത്തിൽ നിന്നു തന്റെ ജനങ്ങളെ വേർതിരിച്ചു, അങ്ങനെ തന്റെ സ്വർഗ്ഗീയ ഉദ്ദേശങ്ങൾ സഭയ്ക്ക് നിറവേറ്റുവാനും കഴിയും.

കൂടാതെ അവൻ മരിച്ചതു സഭയെ "ശുദ്ധീകരിക്കുന്ന" തിനാണ്. മലിനമോ, അഴുക്കുള്ളതോ, അല്ലെങ്കിൽ മ്ലേഛമായ ഒന്നും സ്വർഗ്ഗത്തിൽ പ്രവേശിക്കയില്ല (വെളി. 21:27). യേശു മരിച്ചതു സഭയെ കറയും കളങ്കവുമില്ലാതെ ശുദ്ധീകരിക്കുവാൻ *മാത്രമല്ല*, അതിനെ സ്വർഗ്ഗത്തിലേക്കു എടുക്കുവാൻ കൂടെയാണ്. ഏക ശരീരം *ക്രിസ്തുവിലാണ്,* അവിടെ അത് യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കയും (റോമ. 12:5; എഫെ. 1:7), അതേ രക്തത്താൽ സഭയെ വിലെക്കു വാങ്ങുകയും ചെയ്തു (പ്രവൃത്തികൾ 20:28).

താൻ തന്നെത്താൻ ഏല്പിച്ചു കൊടുത്തതു സഭയെ വചനത്താൽ വെള്ളത്തോടുകൂടി ശുദ്ധീകരിക്കേണ്ടതിനായിരുന്നു എന്നു ശ്രദ്ധിക്കുക. നമ്മുടെ പാപങ്ങൾ പോക്കി ശുദ്ധീകരിപ്പാൻ തക്ക ശക്തി *വെള്ള*ത്തിനോ *വചന*ത്തിനോ അതിൽമാത്രം ഇല്ല. യേശു തന്നെത്താൻ കൊടുത്തതു കൊണ്ടു അവനു വചനത്താൽ വെള്ളത്തോടുകൂടെ ശുദ്ധീകരിപ്പാൻ കഴിഞ്ഞു.

ബാങ്കിൽ പണമില്ലെങ്കിൽ ചെക്കിനു യാതൊരു വിലയും ഇല്ല. ബാങ്കിലെ പണമാണ് ചെക്കിനു വിലയുള്ളതാക്കുന്നത്. അതുപോലെ,

*വചന*ത്താൽ *വെള്ള*ത്തോടുകൂടെ ശുദ്ധീകരിക്കുവാൻ അവസരമൊരുക്കുന്നതു യേശുവിന്റെ രക്തമാണ്. വചനം ആവശ്യമാണ് കാരണം ആളുകൾ അതു കേട്ടു, പഠിച്ചു, യേശുവിൽ വിശ്വസിക്കുകയും (യോഹന്നാൻ 17:20; പ്രവൃത്തികൾ 17:11, 12), മാനസാന്തരപ്പെട്ട്, യേശുവിലുള്ള വിശ്വാസം ഏറ്റു പറഞ്ഞു സ്നാനം ഏല്ക്കണം. *വെള്ളം* കൂടാതെയുള്ള *വചനം* നമ്മെ ശുദ്ധമാക്കുന്നില്ല, *വചനം* കൂടാതെ *വെള്ള*വും നമ്മെ ശുദ്ധീകരിക്കുന്നില്ല. *വെള്ളവും വചനവും* ആവശ്യമാണ്. ശൗലിനോടു എഴുന്നേറ്റു സ്നാനമേറ്റു പാപങ്ങളെ കഴുകി കളയുവാൻ പറഞ്ഞതു ശ്രദ്ധിക്കുക (പ്രവൃത്തികൾ 22:16). തന്റെ വചനം കേട്ടു പ്രതികരിക്കയും (പ്രവൃത്തികൾ 2:41) വെള്ളത്തിൽ സ്നാനമേല്ക്കുകയും ചെയ്യുന്നവരെ ശുദ്ധീകരിക്കുവാനാണ് യേശു തന്നെത്താൻ ഏല്പിച്ചു കൊടുത്തത്.

യേശു തന്നെത്താൻ കൊടുക്കുവാനുള്ള രണ്ടാമത്തെ കാരണം എഫെ. 5:27-ൽ കാണാം. സഭയെ കറ, ചുളുക്കം എന്നിവ ഇല്ലാതെ ശുദ്ധയും നിഷ്കളങ്കയും ആയി തനിക്കു തന്നെ നിർത്തേണ്ടതിനാണ് യേശു തന്നെത്താൻ ഏല്പിച്ചു കൊടുത്തത്.

ധനവാനായ മനുഷ്യൻ ടൗണിൽ കൂടെ കാറോടിച്ചു പോകുമ്പോൾ ദരിദ്രരുടെ പ്രദേശത്തുവെച്ചു ഒരു സ്ത്രീയിൽ ആകൃഷ്ടനാകുന്നു. അവളെ കുറിച്ചു മനസ്സിലാക്കിക്കഴിഞ്ഞ്, അവൻ അവളെ വിവാഹം കഴിക്കുന്നതിനു വീട്ടുകാരുടെ അനുവാദത്തിനു അവളെ അവരെ കാണിക്കുവാൻ ആഗ്രഹിച്ചു, എന്നാൽ അവളെ അതേ രീതിയിൽ കാണിച്ചാൽ തന്റെ മാതാവു അവളെ വിവാഹം കഴിക്കുവാൻ അനുവദിക്കുകയില്ല എന്ന് അവനറിയാം. അതുകൊണ്ടു അവൻ അവളെ, വൃത്തിയുള്ള, നല്ല വസ്ത്രം ധരിപ്പിച്ചു അവളെ കാണിക്കുവാൻ ഒരുങ്ങുന്നു. അങ്ങനെ കാണിച്ചാൽ തന്റെ അമ്മ അവളെ സ്വീകരിക്കും.

അതുപോലെ, നമ്മുടെ പാപാവസ്ഥയിൽ, നമുക്കു നമ്മുടെ പിതാവിന്റെ ഭവനത്തിൽ പ്രവേശിക്കുവാൻ സാധ്യമല്ല. യേശു സഭയെ ശുദ്ധമാക്കി തന്നെത്തന്നെ ധരിപ്പിച്ചു (ഗലാ. 3:27) അങ്ങനെ അവളെ ശുദ്ധയും നിർമ്മലയുമായ കന്യകയായി അവതരിപ്പിക്കുവാൻ കഴിഞ്ഞു (2 കൊരി. 11:2). നിങ്ങൾ ക്രിസ്തുവിന്റെ സഭയിൽ ആണോ? നിങ്ങൾ എന്തുകൊണ്ടു ക്രിസ്തുവിന്റെ സഭയിൽ അംഗമായില്ല? ക്രിസ്തുവിന്റെ സഭയുടെ ലക്ഷ്യസ്ഥാനം എന്താണ്?

നിങ്ങൾ എങ്ങനെ ക്രിസ്തുവിന്റെ സഭയിൽ പ്രവേശിക്കും? നിങ്ങൾ വചനം കേൾക്കുകയും, ക്രിസ്തുവിൽ വിശ്വസിക്കുകയും, നിങ്ങളുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുകയും, യേശുവിലുള്ള വിശ്വാസം ഏറ്റു പറയുകയും, സ്നാനമേല്ക്കുകയും ചെയ്തിട്ടുണ്ടോ? യേശുവിന്റെ ഇഷ്ടത്തോടു പ്രതികരിക്കുന്നതിനു നിങ്ങൾക്ക് എന്താണ് തടസ്സം. അവനെ എന്തുകൊണ്ട് ഇപ്പോൾ തന്നെ നിങ്ങൾക്കു അനുസരിച്ചുകൂടാ?

ഈ പാഠത്തിൽ നാം എന്താണ് പഠിച്ചത്? യേശുവിന്റെ സ്നേഹം നിമിത്തം ആണ് സഭയെ തന്റെ മരണത്താൽ വേർപെടുത്തി ശുദ്ധീകരിക്കുകയും അങ്ങനെ അവളെ തനിക്കുതന്നെ കറയും ചുളുക്കവുമില്ലാതെ നിഷ്ക്കളങ്കമാക്കി തീർക്കുകയും ചെയ്തിരിക്കുന്നു എന്നു നാം പഠിച്ചു.

**ചുരുക്കം**

ഈ പാഠത്തിൽ യേശുവിനുള്ള ആളുകൾ ആയ, അവന്റെ സഭയെക്കുറിച്ചാണ് പഠിച്ചത്.

I. *ക്രിസ്തുവിന്റെ സഭയിൽ ഉള്ളവർ ആരാണ്?* ക്രിസ്തുവിന്റെ ശരീരം, സഭ, അവന്റെ അനുയായികളായ സ്ത്രീ പുരുഷന്മാരാണ്, അവർ അവന്റെ ശിഷ്യന്മാരാണ്, ക്രിസ്ത്യാനികളാണ്.

II. *എത്ര ശരീരങ്ങൾ?* ഒരേ ഒരു ശരീരം മാത്രം.

III. *ആരുടെ സഭ (ശരീരം) ആണ് അത്?* യേശുവിനുള്ള ക്രിസ്ത്യാ - നികളുടെ ശരീരം.

IV. *സഭയുടെ എന്താണ് ക്രിസ്തു?* അതിന്റെ നിർമ്മാതാവും, അടിസ്ഥാനവും, തലയും, രക്ഷിതാവുമാണ് ക്രിസ്തു.

V. *സഭയ്ക്കുവേണ്ടി ക്രിസ്തു എന്താണ് ചെയ്തതു?* യേശു തന്നെത്താൻ സഭയ്ക്കുവേണ്ടി നല്കി അങ്ങനെ തന്റെ രക്തത്താൽ അവനു സഭയെ വിലെക്കു വാങ്ങുവാൻ കഴിഞ്ഞു.

VI. *സഭ ക്രിസ്തുവിനു കീഴ്പ്പെട്ടിരിക്കുന്നു.*

VII. *അംഗങ്ങൾക്കിടയിൽ ഏതുതരത്തിലുള്ള ഐക്യതയാണ് ക്രിസ്തു ആഗ്രഹിക്കുന്നത്?* തനിക്കു പിതാവുമായുള്ള ഐക്യതയാണ് അംഗങ്ങളിൽ നിന്നു ക്രിസ്തു പ്രതീക്ഷിക്കുന്നത്, കാരണം “നാം ഒന്നായിരിക്കുന്നതുപോലെ” തന്റെ അനുയായികളും ഒന്നാകേണ്ടതിനാണ് യേശു പ്രാർത്ഥിച്ചത്.

VIII. *സഭയെ തനിക്കു തന്നെ, വചനത്താൽ വെള്ളത്തോടുകൂടി കഴുകി ശുദ്ധീകരിക്കയും വെടിപ്പാക്കുകയും ചെയ്യേണ്ടതിനു ക്രിസ്തു സഭയ്ക്കു വേണ്ടി തന്നെത്താൻ നല്കി.*

ഈ പാഠത്തിൽ, ഒരാൾ ക്രിസ്ത്യാനി ആയിത്തീരുമ്പോൾ യേശുവിൽ വിശ്വസിക്കുന്ന ശരീരത്തിലെ ആളുകളിൽ ഒരംഗമായിത്തീരുന്നു, അതായതു., അവന്റെ സഭയിലെ അംഗമായിത്തീരുന്നു എന്നു നാം പഠിച്ചു. ബൈബിൾ പഠിപ്പിക്കുന്ന ഏക സ്നാനം നാം ഏല്ക്കുമ്പോൾ, നാം അവന്റെ ശരീരമായ ഏക സഭയിൽ പ്രവേശിക്കുന്നു. നാം അവന്റെ ശരീരത്തിൽ ആകുമ്പോൾ, അവൻ നിർമ്മാതാവും, ഏക അടിസ്ഥാനവും, അതിന്റെ തലയും, രക്ഷിതാവുമായ സഭയിൽ അംഗങ്ങളായി തീരുന്നു. മനുഷ്യരുടെ സഭകളിൽ അംഗമാകുന്നതിനു പകരം നാം അംഗമാകേണ്ടതു ഈ ക്രിസ്തുവിന്റെ സഭയിലാണ്. അവൻ കഷ്ടമേറ്റു സഭയ്ക്കുവേണ്ടി മരിച്ചതിൽ അവന്റെ സ്നേഹവും നാം കാണുന്നു, അതു സഭയെ കറയില്ലാതെ നിഷ്കളങ്കമാക്കി തനിക്കു തീർക്കേണ്ടതിനായിരുന്നു. തന്റെ അനുയായികളിൽ അവൻ കാണുവാൻ ആഗ്രഹിക്കുന്നത് ഐക്യതയാണ്.

നിങ്ങൾ ക്രിസ്തുവിന്റെ സഭയിലെ അംഗമാണോ? നിങ്ങൾ എന്തിനുവേണ്ടി അവന്റെ സഭയിൽ അംഗമാകണം എന്നു നിങ്ങൾക്കറിയാമോ? ഇന്നുതന്നെ എന്തുകൊണ്ടു നിങ്ങൾക്കു യേശുവിന്റെ ഒരു അനുയായിയായി തീർന്നു, ഇപ്പോൾ തന്നെ അവന്റെ ശരീരത്തിലെ വിശ്വാസ സമൂഹത്തിൽ അംഗമായി തീർന്നു, യേശു തനിക്കു തന്നെ നിർത്തുവാൻ നിങ്ങൾക്കു ഏല്പിച്ചു കൊടുത്തുകൂടാ? ഇന്നു തന്നെ നിങ്ങൾക്കു

അവന്റെ അനുയായിയാകുവാൻ താല്പര്യമുണ്ടോ?
[അടുത്ത പ്രാവശ്യത്തേക്കു ഒരു പഠനം ഏർപ്പാട് ചെയ്യുക.]

© 2009 Truth for Today